വിപ്രാൻ സ്വലാഭസംതുഷ്ടാൻ സാധൂൻ ഭൂതസുഹൃത്തമാൻ
നിരഹങ്കാരിണ: ശാന്താൻ നമസ്യേ ശിരസാ$f$സകൃത് (10-52-33)
ശ്രുത്വാ ഗുണാൻ ഭുവനസുന്ദര ശൃണ്വതാം തേ
നിർവിശ്യ കർണ്ണവിവരൈർഹരതോ$f$ങ്ഗതാപം
രൂപം ദൃശാം ദൃശിമതാമഖിലാർത്ഥലാഭം
ത്വയ്യച്യുതാവിശതി ചിത്തമപത്രപം മേ (10-52-37)

*ശുകമുനി തുടർന്നു:* മുചുകുന്ദൻ ഭഗവാനെ വിണ്ടും നമസ്ക്കരിച്ചു. അദ്ദേഹം ഗുഹയ്ക്കുള്ളിൽ നിന്നു പുറത്തു വന്നു. മനുഷ്യരും മൃഗങ്ങളുമെല്ലാം വളരെ ചെറുതായി കാണപ്പെട്ടു. അദ്ദേഹം കുറെയേറെക്കാലം ഗുഹയിൽ ഉറക്കമായിരുന്നുവല്ലോ. ഇത് കലിയുഗമായിരിക്കുന്നുവെന്ന് മനസ്സിലാക്കിയ മുചുകുന്ദൻ ഹിമാലയത്തിൽ പോയി ഭഗവാൻ നാരായണനെ ആരാധിക്കാൻ തീർച്ചയാക്കി.

കാലയവനൻ കൊല്ലപ്പെട്ടു. അയാളുടെ പടയും തുരത്തപ്പെട്ടു. കൃഷ്ണൻ യുദ്ധത്തിൽ പിടിച്ചെടുത്ത സമ്പത്തുമായി മടങ്ങുമ്പോൾ ജരാസന്ധൻ അവരെ കണ്ടു. ഇത്തവണയും ജരാസന്ധനെ വധിക്കേണ്ടതില്ലെന്ന് തിരുമാനിച്ച് കൃഷ്ണനും ബലരാമനും സമ്പത്തെല്ലാം അവിടെ ഉപേക്ഷിച്ച് ഓടാൻ തുടങ്ങി. ജരാസന്ധൻ പിറകേയും. ജ്യേഷ്ഠാനുജൻമാർ ഒരു മലയിലേക്കോടി കയറി അവിടെ പുകമഞ്ഞിൽ അപ്രത്യക്ഷരായി. അവരെക്കാണാഞ്ഞ് ജരാസന്ധൻ മലയ്ക്കു മുഴുവൻ തീയിട്ടു. അവർ കൊല്ലപ്പെട്ടു എന്നു കരുതി നഗരത്തിലേക്ക് മടങ്ങുകയും ചെയ്തു. കൃഷ്ണനും ബലരാമനും മലമുകളിൽ നിന്ന് ചാടിയോടി മലയടിവാരത്തിലൂടെ സമതലത്തിലിറങ്ങി രക്ഷപ്പെട്ട് ദ്വാരകയിലുള്ള കോട്ടയിൽ എത്തിയിരുന്നു. കുറച്ചു കാലം കഴിഞ്ഞ് ആനർത്ത രാജാവായ കുകുദ്മി തൻെറ പുത്രി രേവതിയെ ബലരാമന് വിവാഹത്തിൽ നൽകി. കൃഷ്ണൻ രുഗ്മിണിയെ രാക്ഷസസമ്പ്രദായമനുസരിച്ച് വിവാഹം ചെയ്തു. ശിശുപാലൻ തുടങ്ങിയവരുടെ ശത്രുത നേടുമാറ് രുഗ്മിണിയെ തട്ടിക്കൊണ്ടു പോയാണ് കൃഷ്ണൻ അവളെ പാണിഗ്രഹണം ചെയ്തത്. രസകരമായ ആ ചരിതം ഞാൻ പറഞ്ഞു തരാം. വിദർഭയുടെ രാജാവ് ഭീഷ്മകൻ. അദ്ദേഹത്തിന് രുഗ്മിയടക്കം അഞ്ചു പുത്രൻമാരും രുഗ്മിണിയെന്ന പുത്രിയും. രുഗ്മിണി കൃഷ്ണനെപ്പറ്റി കേട്ട് അദ്ദേഹത്തെ പ്രണയിച്ചു. കൃഷ്ണനും അവളെ വിവാഹം കഴിക്കാൻ തീർച്ചയാക്കിയിരുന്നു. എന്നാൽ രുഗ്മി കൃഷ്ണനെ വെറുത്തിരുന്നു. തൻെറ സുഹൃത്തായ ശിശുപാലന് രുഗ്മിണിയെ നൽകാൻ അദ്ദേഹം തീരുമനിച്ചു. വിവാഹത്തീയതി നിശ്ചയിച്ചപ്പോൾ രുഗ്മിണി ഒരു ദിവ്യ ബ്രാഹ്മണനെ കൃഷ്ണൻെറ യടുക്കൽ സന്ദേശം കൊടുത്തയച്ചു. കൃഷ്ണൻ ബ്രാഹ്മണനെ യഥാവിധി സ്വാഗതം ചെയ്തു. 'സന്തുഷ്ടനായ ഒരു ബ്രാഹ്മണൻ ഏറ്റവും അനുഗ്രഹീതനത്രെ. എന്നാൽ അസംതൃപ്തനായ രാജാവ് അന്തമില്ലാത്ത വേദനയനുഭവിക്കുന്നു. സകലർക്കും സുഹൃത്തും അഹങ്കാര രഹിതനും കിട്ടുന്നതിൽ സന്തുഷ്ടനുമായ ശുദ്ധബ്രാഹ്മണനായ അങ്ങേയ്ക്കു നമോവാകം. അങ്ങെന്തിനാണിപ്പോൾ വന്നതെന്ന് പറഞ്ഞാലും.' ബ്രാഹ്മണൻ വിദർഭയിലെ കാര്യങ്ങളും രുഗ്മിണിയുടെ സന്ദേശവും കൃഷ്ണനോട് പറഞ്ഞു.

*രുഗ്മിണി പറഞ്ഞു:* 'ഭഗവാനേ, അവിടത്തെ ദിവ്യരൂപത്തെപ്പറ്റിയും മഹിമകളെയും പറ്റി കാതിലൂടെ കേട്ട് ഹൃദയം നിറയുന്നതോടെ ഒരാളുടെ ജീവക്ലേശം മുഴുവൻ ഇല്ലാതാവുന്നു. അവിടുത്തെ കാണുക എന്നതു തന്നെ പരമാനുഗ്രഹം. എൻെറ ഹൃദയം അവിടുന്നിൽ വിലീനമായിരിക്കുന്നു. ഞാനങ്ങയെ ഭർത്താവായി തിരഞ്ഞെടുത്തു കഴിഞ്ഞു. അതുകൊണ്ട് മറ്റാരും എന്നെ തൊടുവാൻ പോലും അങ്ങനുവദിച്ചു കൂടാ. ഇതിനായി അങ്ങ് ഒതു തുള്ളി ചോരപോലും വീഴ്ത്തേണ്ടതില്ല. വിവാഹദിവസം വൈകുന്നേരം പാർവ്വതീക്ഷേത്രത്തിൽ ഞാൻ പോവുന്നുണ്ട്. അവിടെ ക്ഷേത്ര പരിസത്തു വന്ന് എന്നെ ഈ കഷ്ടപ്പാടിൽ നിന്നും കരകയറ്റുക. അങ്ങതു ചെയ്തില്ലെങ്കിൽ ഞാനീ ജീവിതം അവസാനിപ്പിക്കും.'

*ബ്രാഹ്മണൻ പറഞ്ഞു.* ഇതാണ് സന്ദേശം. അങ്ങേയ്ക്ക് യുക്തം പോലെ എന്തു ചെയ്യണമെന്ന് തീരുമാനിക്കാം.